# പരിപാവനമായ സേവനം

സി. ജെ. തോമസ്



പരിപാവനമായ സേവനം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2022, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Young girl holding a letter, a painting by Karl Witkowski (1860–1910). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പരിപാവനമായ സേവനം

ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ ‘പ്രൊഫസർ എന്ന കൊച്ചു നോവൽ രണ്ടാംപതിപ്പിലെത്തിയിരിക്കുന്നു. മലയാളസാഹിത്യത്തിന് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണത്.

വിമർശകന്മാർക്ക് കലാസൃഷ്ടിചെയ്യാൻ വിഷമമാണെന്നാണ് വെച്ചിരിക്കുന്നത്—മർമ്മം പഠിച്ചവന് തല്ലാൻ നിവർത്തിയില്ലാത്തതുപോലെ. പക്ഷേ, ‘പ്രൊഫസർ’ എന്ന കൊച്ചുനോവൽ എഴുതിയപ്പോൾ ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ കൈകൾക്ക് അങ്ങിനെയൊരു വിലങ്ങുണ്ടായിരുന്നതായി വായനക്കാർക്കനുഭവപ്പെടുന്നില്ല. എന്നല്ല, ‘പ്രൊഫസറി’ലെ കലയുടെ ലാളിത്യവും ഒഴുക്കും കണ്ടാൽ സാഹിത്യശാസ്ത്രത്തിന്റെ ഗന്ധം പോലുമില്ലാത്ത ഒരു സാധാരണക്കാരൻ എഴുതിയതാണാ കഥയെന്ന് തോന്നിപ്പോകും. ഈ നോവലിൽ പ്രധാനമായി രണ്ടു പാത്രങ്ങളേ ഉള്ളൂ. ഒരു പ്രിൻസിപ്പാളും ഒരു പ്രൊഫസറും. കഥാവസ്തു പ്രൊഫസറുടെ മരണമാണ്. ആ മരണം എത്ര ഹൃദയസ്പർശിയായി ചിത്രീകരിച്ചിട്ടുണ്ടെന്ന് വിവരിക്കുക സാദ്ധ്യമല്ല. അദ്ദേഹത്തിന്റെ മരണം അപ്രതീക്ഷിത സംഭവമല്ല. എന്നാണയാൾ മരിച്ചതെന്ന് തിട്ടമായി പറയുക സാദ്ധ്യമല്ല. ആവശ്യത്തിന് തികയാത്ത ശമ്പളവും അർദ്ധപട്ടിണിയുമായി കഴിയുന്ന ലോപ്പസിന്റെ മരണത്തീയതി, ജനനമരണ രജിസ്ട്രാർക്ക് മാത്രം താല്പര്യമുണ്ടാകേണ്ട ഒരു കാര്യമാണ്. യഥാർത്ഥത്തിൽ ലോപ്പസ് മരിച്ചിട്ടില്ല. ജീവിക്കാത്ത മനുഷ്യൻ മരിക്കുക സാദ്ധ്യമല്ല. അയാൾ എങ്ങിനെയോ ജനിച്ചുവെന്നത് സത്യമാണ്. പക്ഷേ, ഉദ്യോഗജീവിതത്തിൽ മനസ്സിന്റെയും ശരീരത്തിന്റെയും ഭാഗങ്ങൾ അല്പാല്പമായി അനന്തതയിലേക്ക് അലിഞ്ഞുചേർന്ന് അവസാനം അപ്രത്യക്ഷനായ ആ സാധു എന്നു മരിച്ചുവെന്നെങ്ങനെ പറയും. ‘പ്രൊഫസർ’ ഒരു നീണ്ട മരണത്തിന്റെ കഥയാണ്—പത്തിരുപതു വർഷക്കാലം നീണ്ട ഒരു മരണം.

ദയനീയമായ ഈ പര്യവസാനത്തിന് ആ പ്രിൻസിപ്പാൾ ഉത്തരവാദിയാണെന്നു ധരിക്കേണ്ട. ആ മനുഷ്യൻ നാടകഭാഷയിൽ ഒരു വില്ലനല്ല. ലോപ്പസിന്റെ ആവർത്തിച്ചാവർത്തിച്ചുള്ള അപേക്ഷകളെ അദ്ദേഹം അവഗണിക്കുന്നു. ലോപ്പസിന്റെ ആറേഴു കുട്ടികളുടെ വിശപ്പിനേക്കാൾ മഹത്തായി ആ മനുഷ്യൻ കാണുന്നത് ‘പ്ലേ ഗ്രൗണ്ടാണ്’. അതൊക്കെ ശരിതന്നെ. എങ്കിലും, അയാൾ മൃഗമല്ല. ചില മനുഷ്യർ അവരറിയാതെ തന്നെ അങ്ങിനെയായി പോകുന്നുവെന്നു മാത്രം. ഗൃഹസ്ഥാശ്രമത്തിന്റെ ഭാരങ്ങൾ അറിയാതെ, എന്തെങ്കിലും ഒരു സ്ഥാപനത്തിനുവേണ്ടി ദീർഘകാലം ആത്മാർത്ഥമായി ജോലിചെയ്യുന്ന പല മനുഷ്യരും കാലക്രമത്തിൽ അങ്ങിനെ ഹൃദയശൂന്യരായ യന്ത്രങ്ങളായിത്തീരാറുണ്ട്. അവർക്കു ആദർശമുണ്ടായിരിക്കും. പക്ഷേ, അവ ജീവനില്ലാത്ത കെട്ടിടങ്ങളായിരിക്കുമെന്നു മാത്രം. അവർക്ക് മതമുണ്ട്. കച്ചവടക്കാരന്റെ മതം. ഒന്നു മാത്രമേ അവർക്കില്ലാതുള്ളൂ. മനുഷ്യത്വം. സ്വന്തമായ ഒരിക്കലും വിശപ്പറിഞ്ഞിട്ടില്ലാത്ത ഇവർക്ക് മറ്റുള്ളവർക്ക് വിശക്കുന്നു എന്നു കേൾക്കുന്നത് ഒരു വിരോധാഭാസമായിട്ടേ തോന്നുകയുള്ളൂ. പ്രിൻസിപ്പാളിന് ലോപ്പസിന്റെമേൽ യാതൊരു കാരുണ്യവും തോന്നുന്നില്ല. ഈ സമയമെല്ലാം ലോപ്പസിന്റെ കുടുംബത്തിലെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ‘ആകാശത്തിലെ പറവകളെപ്പോലെ വർദ്ധിച്ചു പെരുകുവിൻ’ എന്ന വേദവാക്യം അവിടെ നടപ്പിലായിക്കൊണ്ടിരിയ്ക്കുകയാണ്. അഞ്ചാറുകുട്ടികളുടെ ആവിർഭാവവും ദാരിദ്ര്യത്തിനിടയ്ക്കു തുടങ്ങിവെച്ച സമ്പാദ്യപദ്ധതിയും പരസ്പരം ഉരസി രണ്ടും നശിച്ചു. അവസാനം ലോപ്പസ് വിമുക്തനായി. ആ ദുസ്സഹമായ ജീവിതത്തിന് ആശ്വാസകരമായ ഒരു മോചനമാണ് ആ മരണം.

ഇത്രയും കഥ ഗ്രന്ഥകാരൻ പറഞ്ഞൊപ്പിച്ചിരിക്കുന്നത് വെറും നൂറ് പേജ് കൊണ്ടാണ്. ഇത്രയധികം ഏകാഗ്രതയുള്ള കഥകൾ മലയാളത്തിൽ കുറവാണ്. കഥാരംഭത്തിൽത്തന്നെ അവതരിപ്പിക്കപ്പെടുന്ന ലോപ്പസിന്റെ ജീവിതഭാരം ഓരോനിമിഷവും വർദ്ധിച്ചുവരികയാണ്. ലോപ്പസും മറിയാമ്മയുമായുള്ള സംഭാഷണങ്ങളിലെല്ലാം അവരുടെ ജീവിതഭാരം തെളിഞ്ഞുകാണാം. പ്രേമരംഗങ്ങളിൽപോലും അത് ഒരു കരിനിഴൽ പോലെ അവരുടെ തലയ്ക്കു മീതെ തൂങ്ങിനില്ക്കുന്നുണ്ട്. അത് ആ ദമ്പതികൾ കണ്ടില്ലെങ്കിലെന്ത്? വായനക്കാരൻ അനന്തര സംഭവങ്ങളുമായി മുൻപരിചയം സിദ്ധിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ലോപ്പസും സ്നേഹിതന്മാരും തമ്മിലുള്ള സംസാരം ഈ കഥതന്നെയാണാവർത്തിക്കുന്നത്. ഒരു സ്നേഹിതനെ സ്വന്തം വീട്ടിലേയ്ക്കു ക്ഷണിക്കാൻ കഴിവില്ലാത്ത ഉദ്യോഗത്തിനും ‘പ്രൊഫസർ’ എന്ന പ്രൗഢി നേടിയ പേർ തന്നെ കൊടുക്കണം! ലോപ്പസിന്റെ മകൾ സുന്ദരസ്വപ്നങ്ങൾ കാണുമ്പോഴും വായനക്കാരൻ ചിന്തിക്കുന്നത് ആ കുടുംബത്തിലെ ദാരിദ്ര്യത്തെപ്പറ്റിയാണ്. പ്രേമത്തിലും ഫലിതത്തിലും എന്നുവേണ്ട പറയുന്നതിലെല്ലാം വേദനയുടെ അന്തരീക്ഷം സൃഷ്ടിക്കുന്ന ഈ നോവൽ കലാപരമായി ഒരു വിജയം തന്നെയാണ്. പ്രമേയാവതരണവും പാത്രസൃഷ്ടിയും ഉപസംഹാരവുമെല്ലാം വളരെ നിഷ്കർഷിച്ചുതന്നെയാണു ചെയ്തിരിക്കുന്നത്. ശാസ്ത്രീയനിയമങ്ങൾ പരിപാലിച്ചത് അത്രയധികം കൃത്യമായിട്ടായതുകൊണ്ടു ഗ്രന്ഥകാരന് അത്തരം നിയമങ്ങളെപ്പറ്റി ഒന്നുമറിഞ്ഞുകൂടെന്നു തോന്നിപ്പോകും. വർണ്ണനയുടെ കാര്യത്തിലും ശ്രീ. മുണ്ടശ്ശേരി വിജയിച്ചിട്ടുണ്ട്. ലോപ്പസിന്റെ ശവസംസ്കാരയാത്ര വികാരംകൊണ്ട് തുടിക്കുകയാണ്. വെറും അക്ഷരങ്ങൾകൊണ്ടു പുസ്തകത്തിൽ ഉണ്ടാക്കിയിരിക്കുന്ന ആ നിശ്ശബ്ദത ഏതുവായനക്കാരനെയും സ്വാധീനപ്പെടുത്തും.

രണ്ടുകാര്യങ്ങൾ ‘പ്രൊഫസറിൽ’ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്ന് ആ ചിത്രപ്രശ്നഭ്രാന്ത്. മൂഢന്മാരെ കബളിപ്പിക്കുവാൻ ഇന്നു അധികം പറ്റിയ മറ്റൊരു വഞ്ചന ആരും കണ്ടുപിടിച്ചിട്ടില്ല. ചൂണ്ടപോലെ നീട്ടിക്കാണിക്കുന്ന പതിനേഴായിരത്തിന്റെ പുറകേ പോയി നശിച്ച മനുഷ്യരുടെ എണ്ണം കുറച്ചൊന്നുമല്ല. ഇത്തരം ഏർപ്പാടുകൾ കൂടുതലായി വശീകരിക്കുന്നതു പരാജിതരെയാണ്. അവർ പ്രശ്നംവെപ്പിക്കും. ഭാഗ്യക്കുറി ചേരും: ചിത്രപ്രശ്നത്തിനു പണവുമയയ്ക്കും. ഈ നോവലിൽ കാണുന്നതുപോലെ “MAD” എന്ന ഉത്തരം ചിത്രപ്രശ്നക്കാർക്ക് പറ്റിയതാണ്. രണ്ടാമതൊന്നുള്ളത് ‘പ്രൊഫസറി’ലെ ഭാഷയാണ്. പലയിടങ്ങളിലും ഇംഗ്ലീഷ് വാചകങ്ങളും, ഇംഗ്ലീഷ് പദങ്ങൾ മലയാളത്തിലും കാണാം. അവയൊന്നുംതന്നെ പരിഭാഷപ്പെടുത്താൻ കഴിയാത്തവയാണ്. കോളേജുജീവിതത്തിൽ ഉപയോഗിക്കുന്ന മണിപ്രവാളഭാഷ അതേപടി പ്രയോഗിച്ചില്ലെങ്കിൽ അവയുടെ സ്വാരസ്യം ലഭിയ്ക്കുകയില്ല. ഒരു ഭാഷാദ്ധ്യാപകൻ അങ്ങിനെ ചെയ്യുമ്പോൾ അത് കഴിവുകേടുകൊണ്ടാണെന്നാരും ആക്ഷേപിക്കുകയുമില്ല. എഴുതുന്നതിന്റെ അർത്ഥത്തിന് പ്രാധാന്യം കൽപിക്കുന്നിടത്തോളം കാലം ഈ മണിപ്രവാളഭാഷയ്ക്കു മലയാളസാഹിത്യത്തിൽ പ്രാധാന്യമുണ്ടായിരിക്കും. ഈ പുസ്തകത്തിലെ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ആ ഭാഷാരീതിക്കും അനല്പമായ പങ്കുണ്ട്.

പ്രൊഫസർ ഒരു ചെറിയ വിഭാഗം മനുഷ്യരുടെ ജീവിതത്തെ മാത്രം പരാമർശിക്കുന്നുള്ളുവെന്നത് ഒരു കുറ്റമല്ല. കോളേജിലെ അദ്ധ്യാപകന്റെ സ്ഥിതിയിതാണെങ്കിൽ അതിന് താഴോട്ടുള്ളവരുടെ സ്ഥിതിയെന്താണെന്ന് ഊഹിക്കുകയാണല്ലോ ഭേദം. ഇവരെയെല്ലാം ശാന്തരായ അടിമകളായി വെച്ചുകൊണ്ടിരിക്കാനുള്ള മുദ്രാവാക്യമാണ് അദ്ധ്യയനവൃത്തി പരിപാവനമായ സേവനമാണെന്നത്. പക്ഷേ, ശ്രീ. മുണ്ടശ്ശേരിക്ക് ഈ സേവനത്തിന്റെ പരിപാവനത്വത്തേക്കാളധികം ഉള്ളിൽ തട്ടിയത് മറ്റെന്തോ ആണ്. സ്വന്തം ജീവിതാനുഭവങ്ങൾ അദ്ദേഹത്തെ ആ ചിന്താഗതിയിലെത്തിച്ചു. അളവറ്റ ദാരിദ്ര്യത്തെ കോക്രികാട്ടിക്കൊണ്ട്, അതിനെ മറയ്ക്കുവാൻവേണ്ടി മുമ്പിൽ കുത്തിയിരിക്കുന്ന മാന്യമായ പരസ്യപ്പലകയാണ് ‘പ്രൊഫസർ’ എന്ന സ്ഥാനപ്പേര്. ഉഗ്രപരിഹാസം ഉൾക്കൊള്ളുന്ന ആ നാമകരണംകൊണ്ടുതന്നെ ഈ നോവലിന്റെ നിറം വെളിവാകുന്നുണ്ട്.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.